ഇ-മെയിൽ :doclt.psc@kerala.gov.in
വെബ്സൈറ്റ്::www.keralapsc.gov.in
ഫോൺ: 0495 2371971

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ഓഫീസ്, കോഴിക്കോട്

**കോഴിക്കോട് ജില്ലയിൽ വനം-വന്യജീവി വകുപ്പിൽ ₹.20000 - 45800/ (PR) രൂപ ശമ്പള നിരക്കിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (പാർട്ട്-II) (വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ളവർക്ക് സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേയ്ക്കുള്ളത്) (ഉപജീവനത്തിനുവേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) തസ്തികയിലേക്കുള്ള റാങ്ക് പട്ടിക.**

റാങ്ക് പട്ടിക നം: **14/2023/DOD** — കോഴിക്കോട്,
കാറ്റഗറി നം.**093/2022** — **11-01-2023**.

### വിജ്ഞാപനം

**കോഴിക്കോട് ജില്ലയിൽ വനം-വന്യജീവി വകുപ്പിൽ ₹.20000 - 45800/ (PR) രൂപ ശമ്പള നിരക്കിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (പാർട്ട്-II) (വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ളവർക്ക് സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേയ്ക്കുള്ളത്) (കാറ്റഗറി നം.093/2022) (ഉപജീവനത്തിനുവേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) തസ്തികയിലേക്ക് 03.09.2022 തീയതിയിൽ നടന്ന ഒ.എം.ആർ. പരീക്ഷയുടെയും 12.12.2022, 17.12.2022 എന്നീ തീയതികളിൽ നടന്ന പ്രമാണ പരിശോധന, ശാരീരിക അളവെടുപ്പ്, കായിക ക്ഷമതാ പരീക്ഷ എന്നിവയുടെയും 28.12.2022, 29.12.2022 എന്നീ തീയതികളിൽ നടന്ന അഭിമുഖ പരീക്ഷയുടെയും അടിസ്ഥാനത്തിൽ ബഹു. കമ്മീഷൻ യോഗ്യരെന്ന് കണ്ടെത്തിയ ഉദ്യോഗാർത്ഥികളെ അവർ നേടിയ ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച റാങ്ക് പട്ടിക താഴെ കൊടുക്കുന്നു. ഈ റാങ്ക് പട്ടികയ്ക്ക് 11.01.2023 തീയതി മുതൽ പ്രാബല്യം നൽകിയിരിക്കുന്നു.**

### List - I

**പുരുഷൻമാർ**

| Rank | Sl.No. | Name | Test | Int. | Wtg. | Total | DOB | Commy | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | 42 | RINEESH T K | 21.67 | 13.00 | | 34.67 | 15.05.1987 | ST-KURICHIYAN | |
| 2 | 51 | BINEESH RAMAN | 19.67 | 9.00 | | 28.67 | 27.01.1992 | ST-MUTHUVAN | |

**List – II**

**പുരുഷൻമാർ - ഇല്ല**

**List – I & II**

**സ്ത്രീകൾ**

ഇല്ല

കുറിപ്പ് :- 1

ഈ റാങ്ക് ലിസ്റ്റ് ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്. ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി; റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും പ്രാബല്യത്തിൽ ഉണ്ടായിരിക്കും. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. നിലവിലുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന പട്ടികവർഗ്ഗക്കാർക്കായി പിന്നീട് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലെ 40% (പാർട്ട് II) ഒഴിവുകളിലേയ്ക്കും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കു വിധേയമായി പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നടത്തുന്നതാണ്. നിയമന ശിപാർശ ഒഴിവുകളുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിക്കുമെന്നതിന് യാതൊരു ഉറപ്പുമില്ല. റദ്ദാക്കുന്ന സമയത്ത് റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് റാങ്ക് ലിസ്റ്റിൽ അവരുടെ പേരുകൾ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമന ശിപാർശക്ക് തുടർന്നങ്ങോട്ട് യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല.

കുറിപ്പ് :- 2

നിലവിലുള്ള നടപടിക്രമം അനുസരിച്ച്, ഉത്തര സ്ക്രിപ്റ്റിന്റെ പുനർമൂല്യനിർണയം അനുവദനീയമല്ല. എന്നാൽ ഉദ്യോഗാർത്ഥികൾ കമ്മീഷന്റെ വിവിധ ഓഫീസുകളിലെ അന്വേഷണ വിഭാഗങ്ങളിൽ നിന്ന് സൗജന്യമായി ലഭിക്കുന്ന നിർദ്ദിഷ്ട അപേക്ഷാ ഫോമിലോ അതിന്റെ ഫോട്ടോകോപ്പിയിലോ അല്ലെങ്കിൽ കമ്മീഷൻ വെബ്സൈറ്റിൽ (*www.keralapsc.gov.in*) നിന്ന് A 4 സൈസ് പേപ്പറിൽ ഡൗൺലോഡ് ചെയ്ത് പ്രിന്റ് ചെയ്ത ഫോമിലൊ അതിന്റെ ഫോട്ടോ കോപ്പിയിലോ നിശ്ചിത ഫീസായ ₹.85/- (എൺപത്തിയഞ്ച് രൂപ മാത്രം) 0051 - PSC - 105 State PSC 99 - Examination Fee എന്ന അക്കൗണ്ട്

ഹെഡിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറികളിൽ അടച്ച അസ്സൽ ചലാൻ സഹിതം ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസ്, സിവിൽ സ്റ്റേഷൻ (പി.ഒ), കോഴിക്കോട് 673020 എന്ന വിലാസത്തിൽ അപേക്ഷിച്ചാൽ ഉത്തര സ്ക്രിപ്റ്റുകൾ വീണ്ടും പരിശോധിക്കുന്നതാണ്. മറ്റേതെങ്കിലും രീതിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഉത്തര സ്ക്രിപ്റ്റുകൾ പുനഃപരിശോധിക്കാൻ അപേക്ഷിക്കുന്നതിന്, കമ്മീഷന്റെ വെബ്സൈറ്റിൽ റാങ്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യുന്ന തീയതി മുതൽ 30 (മുപ്പത്) ദിവസത്തെ (18/02/2023-നോ അതിനുമുമ്പോ) സമയം ഉദ്യോഗാർത്ഥികൾക്ക് അനുവദിക്കുന്നതാണ്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം ഉദ്യോഗാർത്ഥികൾക്ക് പുന:പരിശോധനയ്ക്ക് ഒരു അവസരം മാത്രമേ ലഭിക്കുകയുള്ളൂ. ഏതെങ്കിലും തകരാറുകൾ കാരണം അസാധുവാക്കിയ ഉത്തര സ്ക്രിപ്റ്റുകൾ വീണ്ടും പരിശോധിക്കുന്നത് പരിഗണിക്കുന്നതല്ല. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന പുനഃപരിശോധനയ്ക്കുള്ള അപേക്ഷ സ്വീകരിക്കുന്നതല്ല, ഒരിക്കൽ അടച്ച ഫീസ് തിരികെ ലഭിക്കുന്നതുമല്ല.

കുറിപ്പ് :- 3

ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അവരവരുടെ ഒ.എം.ആർ. ഉത്തരക്കടലാസുകളുടെ (പാർട്ട് എ & പാർട്ട് ബി) ഫോട്ടോകോപ്പി ലഭിക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ കമ്മിഷന്റെ വെബ്സൈറ്റായ www.keralapsc.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായ നിശ്ചിത ഫോറത്തിൽ കൃത്യമായി പൂരിപ്പിച്ച അപേക്ഷ, ₹.335/- (മുന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറികളിൽ (ഹെഡ് ഓഫ് അക്കൗണ്ട് : 0051 - PSC - 800 - State PSC -99-Other Receipts) അടച്ച അസ്സൽ ചലാൻ സഹിതം ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസ്, സിവിൽ സ്റ്റേഷൻ (പി.ഒ), കോഴിക്കോട് 673020 എന്ന വിലാസത്തിൽ, കമ്മീഷന്റെ വെബ്സൈറ്റിൽ ഈ റാങ്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 30 (മുപ്പത്) ദിവസങ്ങൾക്കുള്ളിൽ, സമർപ്പിക്കണം. ഒരു ഉത്തരക്കടലാസിന്റെ ഒരു പകർപ്പ് ഒരു ഉദ്യോഗാർത്ഥിക്ക് ഒരു പ്രാവശ്യം മാത്രമേ നൽകൂ. ഏതെങ്കിലും തകരാർ മൂലം അസാധുവായ OMR ഉത്തരക്കടലാസുകളുടെ പകർപ്പുകൾ നൽകില്ല. ഉദ്യോഗാർത്ഥികൾ തങ്ങളുടേതല്ലാത്ത ഉത്തരക്കടലാസിന്റെ പകർപ്പിന് അപേക്ഷിക്കുന്നതിൽ നിന്ന് വിലക്കപ്പെട്ടിരിക്കുന്നു, അങ്ങനെ ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 18.02.2023 ആണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

കുറിപ്പ് **:- 4**

ഒ.എം.ആർ സ്ക്രിപ്റ്റുകളുടെ എ ഭാഗവും ബി ഭാഗവും, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി (അതായത് **11.01.2023**) മുതൽ **6** മാസ കാലാവധി പൂർത്തിയാക്കിയ ശേഷം നശിപ്പിക്കപ്പെടും.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ
കോഴിക്കോട് ജില്ലാ ഓഫീസ്.

മുകേഷ് പരുപറമ്പത്ത്
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ഓഫീസ്, കോഴിക്കോട്

വിതരണാനുമതി നൽകുന്നു

സെക്ഷൻ ഓഫീസർ